**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1657** **11-10-2024 - ൽ മറുപടിയ്ക്ക്**

**കൃഷിഭൂമിയുടെ തരംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമം എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | കൃഷി ഭൂമി തരം മാറ്റത്തിനായി ആർ.ഡി.ഒ യിൽ നിന്നും ലഭിക്കുന്ന ഫാറം 5-ലുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി കൃഷി ഓഫീസർ സ്ഥലം സന്ദർശിച്ച് (കൃത്യമായി വസ്തുവിന്റെ ലൊക്കേഷൻ അറിയുന്നതിനായി വില്ലേജ് ഓഫീസറുടെ സഹായത്തോടെ) പ്രസ്തുത വസ്തുവിന്റെ ഫോട്ടോ, അക്ഷാംശം, രേഖാംശം എന്നിവ എടുക്കുകയും തുടർന്ന് റിപ്പോർട്ട് തയ്യാറാക്കി ഫോട്ടോ സഹിതം ഒരു മാസത്തിനകം RELIS പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുന്നതുമാണ്.<br>കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമാണെന്ന് കാണുന്ന പക്ഷം അപേക്ഷയിന്മേൽ തരം മാറ്റാനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജിലെ പഞ്ചായത്തിലെ തരം മാറ്റപ്പെട്ട സർവ്വേ നമ്പറുകൾ പട്ടികയാക്കി, ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി കൃഷി ഓഫീസർ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുന്നു. പഞ്ചായത്ത് സെക്രട്ടറി ഈ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതും ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തോടുകൂടി ടി സർവ്വേ നമ്പറുകൾ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്. |
| (ബി) | അർഹരായ വ്യക്തികൾക്ക് കൃഷിഭൂമി തരംമാറ്റി നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | തരം മാറ്റൽ അപേക്ഷകൾ അധികമായുള്ള പഞ്ചായത്തുകൾ ആവശ്യാനുസരണം അടുത്തുള്ള കൃഷിഭവനിലെ കൃഷി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി അപേക്ഷകൾ എത്രയും വേഗം തീർപ്പ കല്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തരം മാറ്റൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 25 സെന്റ് വരെയുള്ള |

| | | | |
|---|---|---|---|
| | | | ഫോറം 5, ഫോറം 6 അപേക്ഷകൾക്കായി താലൂക്ക് തല അദാലത്തുകൾ 2024 ഒക്ടോബർ 25 മുതൽ നവംബർ 15 വരെ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ